"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - തിരുവനന്തപുരം ജില്ലയിൽ അതിയന്നൂർ ബ്ലോക്കിലെ സീനിയർ ക്ലാർക്ക് ആയിരിക്കവേ മരണപ്പെട്ട ബി.മോഹനകുമാറിന്റെ ഭാര്യയായ ശ്രീമതി.എൽ.സുനിജ റാണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(കൈ) നം.22/2025/LSGD തിരുവനന്തപുരം,തീയതി:01-02-2025

---

പരാമർശം:-

1. 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ ഉത്തരവ്
2. 21.02.2018-ലെ സ.ഉ.(പി)നം.5/2018ഉഭപവ ഉത്തരവ്
3. 14.07.2023-ലെ സ.ഉ.(പി) നം.12/2023/ഉഭപവ ഉത്തരവ്
4. ശ്രീമതി.സുനിജറാണി.എൽ, എം.എസ്.ഭവൻ, തൻപൊന്നൻകാല, കാഞ്ഞിരംകുളം പി.ഒ, തിരുവനന്തപുരം-695524 സമർപ്പിച്ച 22.05.2024-ലെ അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.10.2024-ലെ LSGD/PD/34018/2024-DEF7 നമ്പർ കത്ത്
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07.01.2025-ലെ DCTVM /13435/2024-S6നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സർക്കാരിന്റെ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിലേക്കായി , തിരുവനന്തപുരം ജില്ലയിൽ അതിയന്നൂർ ബ്ലോക്കിലെ സീനിയർ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ബി.മോഹനകുമാറിന്റെ ഭാര്യയായ ശ്രീമതി.എൽ.സുനിജ റാണി, എം.എസ് ഭവൻ, തൻപൊന്നൻകാല, കാഞ്ഞിരംകുളം പി.ഒ, തിരുവനന്തപുരം-695524 - സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ ബി.മോഹനകുമാറിന്റെ ജനനതീയതി 12.01.1969-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 13.12.2004-ഉം ആണ്. ടിയാന് പെൻഷന് യോഗ്യതയുള്ള സേവനദൈർഘ്യമായി 19 വർഷം കണക്കാക്കിയിട്ടുണ്ട്.

അപേക്ഷകയായ ശ്രീമതി.എൽ.സുനിജ റാണിയുടെ ജനനതീയതി 25.05.1983 ആണെന്നും ടിയാൾ പ്ലസ് ടു പാസ്സായിട്ടുണ്ട് എന്നും പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും, ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും തിരുവനന്തപുരം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്നനിലയിൽ അപേക്ഷകയായ ശ്രീമതി.എൽ.സുനിജ റാണിക്ക് ജോലിനൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷികവരുമാനം 1,67,342/-രൂപയാണെന്ന് (ഒരു ലക്ഷത്തി അറുപത്തേഴായിരത്തി മുന്നൂറ്റി നാല്പത്തിരണ്ട് രൂപ മാത്രം) വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർ ശം (2)&(3)-ലെ വ്യവസ്ഥകൾ പ്രകാരമുള്ള സത്യവാങ്മൂലവും അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മേൽറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . തിരുവനന്തപുരം ജില്ലയിൽ അതിയന്നൂർ ബ്ലോക്കിലെ സീനിയർ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ബി.മോഹനകുമാറിന്റെ ഭാര്യയായ ശ്രീമതി.എൽ.സുനിജ റാണി, , എം.എസ് ഭവൻ, തൻപൊന്നൻകാല, കാഞ്ഞിരംകുളം പി.ഒ, തിരുവനന്തപുരം-695524 എന്നയാളിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ ക്ലാർക്ക് തസ്തികയിലേക്ക് 26500-60700 രൂപ ശമ്പള സ്കെയിലിൽ, തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ളതോ /തൊട്ടടുത്ത് ഉണ്ടാകാൻ ഇടയുള്ളതോ ആയ ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് എത്രയുംവേഗം നിയമനഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതും നിയമനഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ബോധ്യപ്പെടുന്നപക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

ശ്രീമതി.സുനിജ റാണി.എൽ, എം.എസ് ഭവൻ, തൻപൊന്നൻകാല, കാഞ്ഞിരംകുളം പി.ഒ, തിരുവനന്തപുരം-695524 (രജിസ്റ്റേർഡ് പോസ്റ്റ്)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (അനുബന്ധരേഖകൾ അസ്സൽ സഹിതം )
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signed by
Suja. M
Date: 03-02-2025 10:52:23

സെക്ഷൻ ഓഫീസർ